2026
OCTOBER
28
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

# 2030ഓടെ ഇന്ത്യൻ വസ്ത്രവ്യവസായ മേഖല ലക്ഷ്യമിടുന്നത് 350 ബില്യൺ ഡോളർ

**ന്യൂദൽഹി:** ആഭ്യന്തര ഡിമാൻഡ്, ഉൽപ്പാദന മേഖലയിലെ നിക്ഷേപങ്ങൾ, കയറ്റുമതി അവസരങ്ങൾ എന്നിവയുടെ പിൻബലത്തിൽ 2026 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ വസ്ത്രവ്യവസായ മേഖല 190 ബില്യൺ ഡോളറായി ഉയർന്നു. 2030ഓടെ ഇത് 350 ബില്യൺ ഡോളറിലെത്തിക്കുകയാണ് ലക്ഷ്യമെന്ന് റൂബിക്സ് ഡാറ്റാ സയൻസസിൻെറ ഏറ്റവും പുതിയ റിപ്പോർട്ട് വ്യക്തമാക്കുന്നു.

രാജ്യത്ത് വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ വസ്ത്രവ്യവസായ മേഖല മുൻപന്തിയിൽ നിൽക്കുന്നു. യന്ത്രസാമഗ്രികൾ നവീകരിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനും പരമ്പരാഗത വസ്ത്രനിർമാണ കേന്ദ്രങ്ങളെ മെച്ചപ്പെടുത്തുന്നതിനുമായി 400 ശതകോടി രൂപ വകയിരുത്തുന്ന അഞ്ചുവർഷത്തെ 'ടെക്സ്റ്റൈൽ എക്സ്പാൻഷൻ ആൻഡ് എംപ്ലോയ്മെൻറ്' പദ്ധതി കേന്ദ്ര സർക്കാറിന്റെ പരിഗണനയിലാണ്.

കയറ്റുമതിയിലുണ്ടായ തിരിച്ചുവരവോടെയാണ് ഈ വിപുലീകരണം സാധ്യമാകുന്നത്. കൈത്തറി ഉൽപ്പന്നങ്ങൾ അടക്കമുള്ള വസ്ത്രകയറ്റുമതിയിൽ 2026 ഏപ്രിൽ-ആഗസ്റ്റ് കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 10.3 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.



2026 സാമ്പത്തിക വർഷത്തിൽ കയറ്റുമതിയിൽ 2.7 ശതമാനം ഇടിവുണ്ടായി 35.8 ബില്യൺ ഡോളറിലെത്തുകയും ഇറക്കുമതി 17.1 ശതമാനം ഉയർന്ന് 9.6 ബില്യൺ ഡോളറിലെത്തുകയും ചെയ്ത പ്രതിസന്ധിക്ക് ശേഷമാണ് ഈ മുന്നേറ്റം.

ഈ വ്യത്യാസങ്ങൾക്കിടയിലും, രാജ്യത്തേക്ക് ഇറക്കുമതി ചെയ്തതിനേക്കാൾ 3.7 ഇരട്ടി മൂല്യമുള്ള ഉൽപ്പന്നങ്ങൾ പുറത്തേക്ക് കയറ്റി അയച്ചുകൊണ്ട് ഇന്ത്യ തങ്ങളുടെ ശക്തമായ കയറ്റുമതി സ്ഥാനം നിലനിർത്തി. റെഡിമെയ്ഡ് വസ്ത്രങ്ങൾ കയറ്റുമതിയുടെ 44 ശതമാനവും, മാൻമെയ്ഡ് ഫൈബർ (കൃത്രിമ നാരുകൾ കൊണ്ടുള്ള) വസ്ത്രങ്ങൾ 15 ശതമാനവും പങ്കുവഹിച്ചു.

ആഭ്യന്തര വളർച്ചക്കൊപ്പം ബാഹ്യ വെല്ലുവിളികളെയും അതിജീവിച്ചാണ് ഈ മേഖല മുന്നേറുന്നതെന്ന് റൂബിക്സ് ഡാറ്റാ സയൻസസ് പ്രസിഡൻറ് തുഷാർ ഭാസ്കർ ചൂണ്ടിക്കാട്ടി.

'യു.എസ് വിപണിയിലെ വ്യാപാര അനിശ്ചിതത്വങ്ങൾ, പരുത്തി നൂൽ വിലയിലുണ്ടായ 60 ശതമാനത്തോളം വർധനവ്, ചരക്കുകൂലിയിലെ തടസങ്ങൾ എന്നിവ മേഖലക്ക് വലിയ സമ്മർദ്ദമുണ്ടാക്കുന്നുണ്ട്.

ഇത് ഇന്ത്യയുടെ കയറ്റുമതി വിപണികൾ വൈവിധ്യവൽക്കരിക്കേണ്ടതിന്റെയും ഉൽപ്പാദനച്ചെലവ് കുറയ്ക്കേണ്ടതിന്റെയും പ്രാധാന്യം വർധിപ്പിക്കുന്നു,' അദ്ദേഹം കൂട്ടിച്ചേർത്തു.

റിപ്പോർട്ട് അനുസരിച്ച്, 2026 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ കയറ്റുമതിയുടെ 31 ശതമാനവും വാങ്ങിയ അമേരിക്ക തന്നെയാണ് ഏറ്റവും വലിയ വിപണി.

യൂറോപ്യൻ യൂണിയൻ ആണ് തൊട്ടുപിന്നിൽ. എന്നാൽ, നിർബന്ധിത തൊഴിൽ വിരുദ്ധ നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2026 ജൂലൈയിൽ സെക്ഷൻ 301 പ്രകാരം അമേരിക്ക 10 ശതമാനം അധിക തീരുവ ചുമത്തിയതോടെ വ്യാപാര ബന്ധങ്ങളിൽ മാറ്റമുണ്ടായി. ഇതിന് മറുപടിയായി ഇന്ത്യൻ നിർമാതാക്കൾ മറ്റ് വിപണികളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു.

2026 സാമ്പത്തിക വർഷത്തിൽ യു.എസിലേക്കുള്ള കയറ്റുമതിയിൽ ഏകദേശം 7 ശതമാനം കുറവുണ്ടായപ്പോൾ, പ്രധാന യൂറോപ്യൻ വിപണികളിലേക്കുള്ള വിതരണം 9 ശതമാനം വർധിച്ചു.

അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ആഭ്യന്തര വിപണിയെ ബാധിച്ചു. 2026ൻെറ തുടക്കത്തിൽ കിലോഗ്രാമിന് 250 രൂപയായിരുന്ന പരുത്തി നൂലിന്റെ വില 2026 സെപ്റ്റംബറോടെ 60 ശതമാനത്തോളം ഉയർന്ന് 400 രൂപയിലെത്തി.

2020-21 കാലയളവിൽ 352.48 ലക്ഷം ബെയിലുകൾ ആയിരുന്ന ആഭ്യന്തര പരുത്തി ഉൽപ്പാദനം 202526 സീസണിൽ 290.91 ലക്ഷം ബെയ്ലുകളായി കുറഞ്ഞതാണ് വിലവർദ്ധനവിന് കാരണമായത്. വസ്ത്ര മില്ലുകളെ സഹായിക്കുന്നതിനായി പരുത്തിയുടെ 11 ശതമാനം ഇറക്കുമതി തീരുവയിൽ നിന്ന് അധികൃതർ 2026 ഒക്ടോബർ 31 വരെ ഇളവ് അനുവദിച്ചിട്ടുണ്ട്.

വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളും വലിയ നിക്ഷേപങ്ങൾ ആകർഷിച്ചു. അംഗീകാരം ലഭിച്ച ഏഴ് പി.എം മിത്ര പാർക്കുകൾക്ക് കീഴിലുള്ള നിക്ഷേപ നിർദ്ദേശങ്ങൾ 2026 ആഗസ്റ്റോടെ 685.9 ബില്യൺ രൂപയിലെത്തി.

ഗ്രാസിം ഇൻഡസ്ട്രീസ്, വർദ്ധമാൻ ടെക്സ്റ്റൈൽസ് തുടങ്ങിയ പ്രമുഖ കോർപ്പറേറ്റ് ഉൽപ്പാദകരുടെ വൻകിട വിപുലീകരണ പദ്ധതികളാണ് ഇതിൽ പ്രധാനം.

## ഇ100 ഫ്ളെക്സ് ഫ്യൂവൽ കാറുകൾക്ക് കേന്ദ്രത്തിന്റെ അനുമതി

**ന്യൂദൽഹി:** 100 ശതമാനം എഥനോൾ ഇന്ധനത്തിൽ (ഇ100) ഓടാൻ കഴിയുന്ന കാറുകൾക്ക് രാജ്യത്ത് നിയമപരമായ അനുമതി നൽകി കേന്ദ്ര സർക്കാർ. ഇതിനായി കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ ഭേദഗതി വരുത്തി.

ഇ100 ഇന്ധനം ഉപയോഗിക്കുന്ന ഫ്ലെക്സ് ഫ്യുവൽ വാഹനങ്ങൾക്ക് അംഗീകാരം നൽകുന്ന വിജ്ഞാപനം ഉപരിതല ഗതാഗത, ഹൈവേ മന്ത്രാലയം പുറത്തിറക്കി. ഫ്ലെക്സ് ഫ്യൂവലിൽ ഓടുന്ന കൂടുതൽ വാഹന മോഡലുകൾ വിപണിയിലെത്തിക്കാൻ നിർമാതാക്കൾക്ക് ഇതോടെ വഴിയൊരുങ്ങും.




നിലവിൽ രാജ്യത്ത് ഉപയോഗിക്കുന്ന ഇ20 പെട്രോളിൽ 20 ശതമാനം എഥനോളും 80 ശതമാനം പെട്രോളുമാണുള്ളത്. ഇതിൽനിന്ന് വ്യത്യസ്തമായി ഇ100 ഇന്ധനത്തിൽ മുഴുവനായും എഥനോളാണ് അടങ്ങിയിരിക്കുന്നത്.

ഉയർന്ന അളവിൽ എഥനോൾ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ പ്രത്യേകം രൂപകൽപന ചെയ്ത സർട്ടിഫിക്കേഷൻ നേടിയ ഫ്ളെക്സ് ഫ്യൂവൽ വാഹനങ്ങളിൽ മാത്രമേ ഇ100 ഇന്ധനം ഉപയോഗിക്കാനാകൂ. സാധാരണ പെട്രോൾ കാറുകളിലോ ഇ20 ഇന്ധനത്തിനായി രൂപകൽപന ചെയ്ത വാഹനങ്ങളിലോ ഇ100 ഉപയോഗിക്കാൻ അനുമതിയില്ല.

എഥനോൾ അധിഷ്ഠിത ഇന്ധനങ്ങളുടെ ഉപയോഗം വർധിപ്പിച്ച് ക്രൂഡ് ഓയിൽ ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയാണ് ലക്ഷ്യമെന്നാണ് കേന്ദ്രത്തിന്റെ വാദം. ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്ന എഥനോൾ കൂടുതൽ ഉപയോഗിക്കുന്നതിലൂടെ വിദേശ ഇന്ധന ഇറക്കുമതിക്കുള്ള ചെലവ് കുറയ്ക്കാനും വാഹനങ്ങളിൽനിന്നുള്ള മലിനീകരണം നിയന്ത്രിക്കാനും കഴിയുമെന്നാണ് കണക്കാക്കുന്നത്.

## പ്രതിസന്ധി മറികടക്കാൻ ഇന്ധനവും വളവും കൂടുതൽ ശേഖരിച്ച് ഇന്ത്യ

**ന്യൂദൽഹി:** പശ്ചിമേഷ്യയിൽ സംഘർഷം തുടരുന്ന സാഹചര്യത്തിൽ ഇന്ത്യ ഇന്ധനവും വളവും കൂടുതൽ സംഭരിച്ചു. അതേസമയം, ക്രൂഡ് ഓയിൽ വിലയിലുണ്ടാകുന്ന വർധന രൂപയുടെ മൂല്യത്തെയും രാജ്യത്തെ ധനക്കമ്മിയെയും ബാധിച്ചേക്കാം. ചരക്കുകൂലി യുദ്ധത്തിനുമുമ്പുള്ളതിനേക്കാൾ 10 ഇരട്ടിയോളം വർധിച്ചു. ഇൻഷുറൻസ് പ്രീമിയവും ഉയർന്നിട്ടുണ്ട്. ഹോർമുസ് വഴി പോകാൻ കപ്പലുകളും ജീവനക്കാരും തയ്യാറാകാത്തതും വിതരണ ശൃംഖലയെ ബാധിച്ചു.

ക്രൂഡ് ഓയിൽ വില 12 വർഷത്തെ ഉയർന്ന പ്രതിമാസ ശരാശരിയായ 120 ഡോളറിന് മുകളിലാണ്. ആർ.ബി.ഐ., പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള ലാഭവീതവും ഓഹരി വിറ്റഴിക്കൽ മൂലമുള്ള വരുമാനവും മെച്ചപ്പെട്ട നികുതിപിരിവും ധനക്കമ്മി ജി.ഡി.പി.യുടെ 4.3 ശതമാനത്തിനുള്ളിൽ നിലനിർത്താൻ ഉപകരിക്കുന്നുണ്ട്.

സംഘർഷം നിലനിൽക്കുന്നതിനിടെയും കാർഷിക ആവശ്യങ്ങൾക്കുള്ള വളം കൂടുതൽ ശേഖരിക്കാൻ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. ആഗോളവിപണിയിൽ വില കുറഞ്ഞ സമയത്ത് കമ്പനികൾ അടുത്ത സീസണിലേക്ക് ആവശ്യമായ വളം ശേഖരിച്ചു.

സംഘർഷമേഖലകളിലൂടെ സഞ്ചരിക്കുന്ന കപ്പലുകൾക്ക് ഇൻഷുറൻസ് പ്രീമിയം കുത്തനെ കൂട്ടിയതും കപ്പലുകളെയും നാവികരെയും ലഭിക്കാനുള്ള ബുദ്ധിമുട്ടും ചരക്കുനീക്കത്തെ ബാധിച്ചു.

സംഘർഷത്തിന്റെ കേന്ദ്രബിന്ദുവായി ഹോർമുസ് കടലിടുക്ക് മാറിയതോടെ ഈ വഴിയിലൂടെയുള്ള യാത്ര അപകടകരമായി. ആഴ്ചയിൽ അഞ്ച് കണ്ടെയ്നർ കപ്പലുകൾ ഗൾഫിലേക്ക് സർവീസ് നടത്തിയിരുന്നെങ്കിലും ഇപ്പോൾ രണ്ടായി കുറഞ്ഞു.

കണ്ടെയ്നറുകളുടെ ക്ഷാമവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ തുറമുഖങ്ങളിൽ ചരക്കുകപ്പലുകളുടെ തിരക്കും അനുഭവപ്പെടുന്നുണ്ട്. പശ്ചിമേഷ്യൻ തുറമുഖങ്ങളിലേക്കുള്ള കണ്ടെയ്നർ നിരക്കുകൾ 800 ഡോളറിൽനിന്ന് 8,000 മുതൽ 10,000 ഡോളർ വരെയായി.

പശ്ചിമേഷ്യൻ മേഖലയിലെ സംഘർഷം ആഗോള ഊർജമേഖലയെയും കപ്പൽ ഗതാഗതത്തെയും അനിശ്ചിതത്വത്തിലാക്കിയിരിക്കുകയാണ്.

മുൻകൂട്ടി ഇന്ധന, വളം ശേഖരങ്ങൾ ഉറപ്പാക്കിയത് താത്കാലിക ആശ്വാസം നൽകുന്നുണ്ടെങ്കിലും ക്രൂഡ് ഓയിൽ വിലയിലെ തുടർച്ചയായ വർധനവും അമിതമായ ചരക്കുകൂലിയും ദീർഘകാലത്തേക്ക് തുടർന്നാൽ രാജ്യത്തിന്റെ ധനസ്ഥിതിയെയും രൂപയുടെ മൂല്യത്തെയും കൂടുതൽ സമ്മർദ്ദത്തിലാക്കും.




# ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിയുടെ ഗോൾഡൻ ജൂബിലി ബ്ലോക്ക് ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവ്വഹിക്കും

**കൊച്ചി:** സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കുറഞ്ഞ ചെലവിൽ മികച്ച ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1971 സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കൊച്ചിൻ കോഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ കീഴിലാണ് കടവന്ത്രയിലെ ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രി പ്രവർത്തിക്കുന്നത്. ആതുര ശുശ്രൂഷ രംഗത്ത് അഞ്ച് പതിറ്റാണ്ടിന്റെ പാരമ്പര്യമുള്ള ആശുപത്രിയിൽ കാർഡിയോളജി, ഓങ്കോളജി, ഗ്യാസ്ട്രോ എന്ററോളജി, ജനറൽ മെഡിസിൻ, ന്യൂറോളജി, യൂറോളജി, ഇ.എൻ.ടി, ഓർത്തോപിഡിക്സ്, ഗൈനക്കോളജി, പീഡിയാട്രിക്സ് തുടങ്ങി വിവിധ വിഭാഗങ്ങളിൽ വിദഗ്ദ ഡോക്ടർമാരുടെ സേവനവും അത്യാധുനിക ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം ഫാർമസി, ലബോറട്ടറി, എം.ആർഐ, സി.ടി സ്കാൻ, അൾട്രാസൗണ്ട്, എക്സറേ തുടങ്ങിയ സൗകര്യങ്ങളും ആശുപത്രിയിൽ ഉണ്ട്.

ഹൃദയ ചികിത്സാ രംഗത്ത് പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള ഇവിടെ ഓപ്പൺ ഹാർട്ട് സർജറിക്ക് പകരം കീഹോൾ സർജറിയും ലോകത്തിലെ ഏറ്റവും ചെറിയ പേസ്മേക്കർ ഘടിപ്പിച്ച ഖ്യാതിയും ഉണ്ട്. ഏറ്റവും ചെലവ് കുറഞ്ഞ ക്യാൻസർ ചികിത്സ, സർജറികൾ, ഡയാലിസിസുകൾ എന്നിവയും ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിയുടെ പ്രത്യേകതകളാണ്.

സുവർണ്ണ ജൂബിലിയുടെ ഭാഗമായി നിർമ്മിച്ച പുതിയ ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ ഉദ്ഘാടനം ഈമാസം (ഒക്ടോബർ) 30 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12ന് മുഖ്യമന്ത്രി വി.ഡി സതീശൻ നിർവ്വഹിക്കും. ഇന്ദിരാഗാന്ധി ആശുപത്രി അങ്കണത്തിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കൊച്ചിൻ കോഓപ്പറേറ്റീവ് ഹോസ്പിറ്റൽസ് സൊസൈറ്റി പ്രസിഡന്റ് എം.ഒ. ജോൺ അദ്ധ്യക്ഷത വഹിക്കും, സൊസൈറ്റി സെക്രട്ടറി അജയ് തറയിൽ, വൈസ് പ്രസിഡന്റ് അഡ്വ. ബി.എ. അബ്ദുൽ മുത്തലിബ്, എം.പിമാരായ ഹൈബി ഈഡൻ, ബെന്നി ബെഹന്നാൻ, ജെബി മേത്തർ ഹിഷാം, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. വി.കെ.മിനിമോൾ, എം.എൽ.എമാരായ ടി.ജെ വിനോദ്, മുഹമ്മദ് ഷിയാസ്, ഉമ തോമസ് എന്നിവരും സൊസൈറ്റി ഡയറക്ടർമാരായ അഗസ്റ്റസ് സിറിൾ, ടി.എച്ച് റഷീദ്, ആലപ്പാട്ട് മുരളീധരൻ, ഡോ. ഹസീന മുഹമ്മദ്, ഇക്ബാൽ വലിയ വീട്ടിൽ, ഇന്ദിരാ ഭായ് പ്രസാദ്, എൻ.എ.അബ്രഹാം, പി.ഡി. അശോകൻ, കെ.പി. വിജയകുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. സച്ചിദാനന്ദ കമ്മത്ത് എന്നിവർ ചടങ്ങിൽ പങ്കെടുക്കുമെന്ന് സെക്രട്ടറി അജയ് തറയിൽ അറിയിച്ചു.

വാർത്താ സമ്മേളനത്തിൽ ആശുപത്രി സഹകരണ സംഘം പ്രസിഡന്റ് എം.ഒ. ജോൺ, സെക്രട്ടറി അജയ് തറയിൽ, വൈസ് പ്രസിഡന്റ് അബ്ദുൽ മുത്തലിബ് എന്നിവർ പങ്കെടുത്തു




# 'ഒരു ഡോസ് മതി' പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** പ്രവാസി എഴുത്തുകാരിയായ ബന്ധുര സനൽചന്ദ്രൻ രചിച്ച 'ഒരു ഡോസ് മതി' എന്ന നോവൽ തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ എം ബി സന്തോഷ് പുസ്തക പ്രകാശനം നിർവഹിച്ചു. തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ സംഘടിപ്പിച്ച ചടങ്ങിൽ പ്രമുഖ ചിത്രകാരനും എഴുത്തുകാരനുമായ കാരയ്ക്കാമണ്ഡപം വിജയകുമാർ ആദ്യ പ്രതി ഏറ്റു വാങ്ങി.

സൗദി അറേബ്യയിൽ നഴ്സായി ജോലി ചെയ്യുന്ന ബന്ധുര സനൽചന്ദ്രൻ രചിച്ച ആദ്യ നോവലാണ് ഒരു ഡോസ് മതി. ഒരു ഡി അഡിക്ഷൻ കേന്ദ്രത്തിൽ ജോലി ചെയ്തിരുന്ന കാലത്ത് കണ്ടതും മനസ്സിലാക്കിയതുമായ അനുഭവങ്ങൾ ഒരു നോവലിന്റെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുകയാണ് ബന്ധുര സനൽചന്ദ്രൻ. ഒരു നഴ്സ് എന്ന നിലയിൽ മനുഷ്യരുടെ ജീവിതത്തിലെ പല വശങ്ങളും അടുത്തറിയാൻ ലഭിച്ച ആ അവസരങ്ങൾ തന്നിൽ ചില ചോദ്യങ്ങൾ ഉയർത്തിയെന്നും താൻ കണ്ടറിഞ്ഞ കാര്യങ്ങളെക്കുറിച്ച് എന്തുകൊണ്ട് എഴുതിക്കൂടാ എന്ന ചിന്തയിൽ നിന്നാണ് ഒരു ഡോസ് മതി എന്ന പുസ്തകത്തിന്റെ ആശയം രൂപപ്പെട്ടത് എന്നും നോവലിസ്റ്റ് അഭിപ്രായപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ സ്വദേശിനിയാണ് ബന്ധുര സനൽചന്ദ്രൻ. ബന്ധുരയുടെ ചിന്തകളും അനുഭവങ്ങളിൽ നിന്ന് ലഭിച്ച തിരിച്ചറിവുകളും അക്ഷരങ്ങളിലേക്ക് പകർത്താനുള്ള ശ്രമമാണ് ഈ കൃതി. മനുഷ്യരെ അവരുടെ തെറ്റുകൾക്കപ്പുറം മനസ്സിലാക്കാനും അവരുടെ വേദനകളെ തിരിച്ചറിയാനും ജീവിതത്തിൽ വീണ്ടും തുടങ്ങാനുള്ള പ്രതീക്ഷയെ ചേർത്തുപിടിക്കാനും ഈ പുസ്തകം വായനക്കാരെ പ്രേരിപ്പിക്കുമെന്നാണ് ബന്ധുരയുടെ പ്രതീക്ഷ.




ഫേസ് ഫൗണ്ടേഷന്റെ സ്ഥാപക ചെയർമാൻ പ്രൊഫ.എം.കെ. സാനുവിന്റെ 99ാം ജന്മദിനാഘോഷം ഫേസ് ഫൗണ്ടേഷനിൽ മാനേജിംഗ് ട്രസ്റ്റി ടി.ആർ. ദേവൻ ഉദ്ഘാടനം ചെയ്യുന്നു. ബിജു പാപ്പച്ചൻ,ടിന്റുമോൾ പ്രദീപ്, സിനിൽകുമാർ തുടങ്ങിയവർ സമീപം.

# പ്രൊഫ. എം.കെ. സാനുവിന്റെ 99ാം ജന്മദിനം ആഘോഷിച്ചു

**കൊച്ചി:** ഫേസ് ഫൗണ്ടേഷന്റെ സ്ഥാപക ചെയർമാൻ പ്രൊഫ.എം.കെ. സാനുവിന്റെ 99ാം ജന്മദിനം ആഘോഷിച്ചു. കടവന്ത്ര ഗാന്ധിനഗറിലെ ഫേസ് ഫൗണ്ടേഷനിൽ സംഘടിപ്പിച്ച ചടങ്ങിൽ ഫേസ് മാനേജിംഗ് ട്രസ്റ്റി ടി.ആർ. ദേവൻ ഭദ്രദീപം തെളിയിച്ചു. പ്രമുഖ വ്യവസായി ബിജു പാപ്പച്ചൻ മുഖ്യാതിഥിയായി പങ്കെടുത്തു. 16 വർഷങ്ങൾക്ക് മുമ്പ് 2011ൽ കൊച്ചി നഗരത്തിലെ വിശപ്പകറ്റുക എന്ന ലക്ഷ്യത്തോടെ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ മുഖ്യരക്ഷാധികാരിയും പ്രൊഫ.എം.കെ. സാനു ചെയർമാനുമായി രൂപീകരിച്ച എൻ.ജി.ഒ ആണ് ഫേസ് ഫൗണ്ടേഷൻ. പിന്നിട്ട 16 വർഷത്തിനിടയിൽ 20 ലക്ഷത്തിലധികം ആളുകൾക്ക് സൗജന്യമായി ഭക്ഷണം നൽകാൻ ഈ കേന്ദ്രത്തിന് സാധിച്ചിട്ടുണ്ട്. കൂടാതെ കിടപ്പുരോഗികൾക്കായുള്ള 'അക്ഷയപാത്രം' റേഷൻ പദ്ധതിക്ക് പുറമെ വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും ഫേസ് ഫൗണ്ടേഷൻ സജീവമായി പ്രവർത്തിച്ചുവരുന്നു. ചടങ്ങിൽ ഫേസ് ജനറൽ മാനേജർ ടിന്റുമോൾ പ്രദീപ്, ലൈസൺ ഓഫീസർ സിനിൽകുമാർ എന്നിവർ സംസാരിച്ചു.





# അങ്കമാലി യുദാപുരം തീർത്ഥാടന കേന്ദ്രത്തിൽ ഊട്ടുതിരുന്നാളിന് കൊടികയറി

**അങ്കമാലി:** അസാധ്യ കാര്യങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ യൂദാശ്ലീഹായുടെ തീർത്ഥാടന കേന്ദ്രമായ അങ്കമാലി യൂദാപുരം ദേവാലയത്തിൽ തിരുന്നാളിന് ആന്റണി വാലുങ്കൽ പിതാവ് കൊടികയറ്റി.

വികാരിയും റെക്ടറുമായ സെബാസ്റ്റ്യൻ കറുകപ്പിള്ളി, സഹവികാരി ഫാദർ സുജിത് സ്റ്റാൻലി നടുവിലെ വീട്ടിൽ, ഫാ. മെർട്ടൻ ഡിസിൽവ, എന്നിവർ സഹകാർമ്മി കരായിരുന്നു. പ്രസുദേന്തിമാരായ ഡോ. വർഗീസ് മൂലൻ,ഷാജൻ പോൾ പുല്ലൻ, റാണി സേവ്യർ പുഴയ്ക്കാട്ടിൽ, ഡോ. വ്യുഡിൻ ലെഡിൻ വാരിയത്ത്, സജയ് യോഹന്നാൻ , സിംസൺ ഇഗ്നേഷ്യസ് പൊന്തക്കൽ, രാജു ലൂക്കോസ്, ജനറൽ കൺവീനർ ഹെർബെർട്ട് ജെയിംസ് മേടയിൽ , ജനറൽ സെക്രട്ടറി കിഷോർ ഒ.ജി. ഓടത്തുംപറമ്പിൽ കൈക്കാരൻമാർ കിഷോർ പാപ്പാളി, വില്യം പ്ലാസിഡ്, പാരിഷ് കൗൺസിൽ വൈസ് പ്രസിഡന്റ് സാബു ടി. ജി, സെക്രട്ടറി ജോർജ് എഡിസൺ, കേന്ദ്ര സമിതി വൈസ് പ്രസിഡണ്ട് എ.ജെ സെബാസ്റ്റ്യൻ,സിസ്റ്റർ റോസ് മെറ്റി , സിസ്റ്റർ ജെസീന്താ, മീഡിയ കൺവീനർ ടി.പി ചാക്കോച്ചൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു

ഊട്ടു തിരുനാൾ ദിനമായ 29 ന് രാവിലെ 10.30 ന് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ നേർച്ച സദ്യ ആശീർവദിയ്ക്കും. തുടർന്ന് സദ്യ ആരംഭിയ്ക്കും. തുടർന്ന് നടക്കുന്ന തിരുന്നാൾ കുർബാനയ്ക്ക് അതിരൂപത മെത്രാപ്പോലീത മുഖ്യ കാർമ്മികനായിരിക്കും. . തുടർന്ന് വിശുദ്ധ യൂദാതദവൂസിന്റെ അത്ഭുത തിരുസ്വരൂപം വഹിച്ചു കൊണ്ടുള്ള വർഷത്തിലൊരിക്കൽ മാത്രമുള്ള പ്രദക്ഷിണവും അൾത്താര ചുറ്റി ആശീർവാദവും നടക്കും.രൂപവാഹകർ 40 പേർ ഒരുമാസമായി നോമ്പാചരിച്ച് അതിനു വേണ്ടി ഒരുങ്ങുന്നു. തിരുനാൾ ദിനത്തിൽ കുട്ടികൾക്കുള്ള ആദ്യ ചോറൂട്ട് ഉണ്ടായിരിക്കും. ഊട്ടുനേർച്ചയ്ക്കായി ജനലക്ഷങ്ങളെ ഉൾക്കൊള്ളാനുള്ള പന്തൽ നിർമാണ പ്രവർത്തനം പൂർത്തിയായി, 22 പ്ലോട്ടുകളിലായി വിപുലമായ പാർക്കിംഗ് ഒരുക്കുന്നുണ്ട്. ട്രാഫിക് നിയന്ത്രണത്തിന് പോലീസ്, ട്രാഫിക് വാർഡൻമാർ എന്നിവരെ ഒരുക്കിയിട്ടുണ്ട്.

# സി. ഡഗ്ലസിനും എൻ.എൻ. റിംസണും രാജാരവിവർമ്മ പുരസ്കാരങ്ങൾ

**തിരുവനന്തപുരം:** വിഷ്വൽ ആർട്ട് രംഗത്ത് സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത ബഹുമതിയായ രാജാ രവിവർമ്മ പുരസ്കാരം പ്രഖ്യാപിച്ചു. ആധുനിക കലാകാരിൽ ശ്രദ്ധേയനായ സി. ഡഗ്ലസ് ആണ് 2023ലെ പുരസ്കാരത്തിന് അർഹനായത്. 2024 ലെ പുരസ്കാരത്തിന് പ്രശസ്ത ശില്പി എൻ.എൻ. റിംസൺ അർഹനായി. മൂന്ന് ലക്ഷം രൂപയും കീർത്തിപത്രവും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവും ഉൾപ്പെട്ടതാണ് പുരസ്കാരം. പി.ആർ ചേംബറിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ടൂറിസം, സാംസ്കാരികം, സിനിമ വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.

ഇന്ത്യൻ ചിത്രകലയിലുൾപ്പെടെ കലാരംഗത്ത് നിസ്തുല സംഭാവന ചെയ്ത വിഖ്യാത കലാകാരനായ രാജാ രവിവർമ്മ ഭാരതീയ മനസ്സിൽ കലയുടെ പര്യായമാണെന്ന് മന്ത്രി പറഞ്ഞു. അതിനാലാണ് വിഷ്വൽആർട്ട് രംഗത്ത് സംസ്ഥാന സർക്കാരിന്റെ പരമോന്നത പുരസ്കാരം രാജാ രവിവർമ്മയുടെ നാമധേയത്തിൽ നൽകുന്നത്.

മദ്രാസ് കലാപ്രസ്ഥാനത്തിന്റെ ഭാഗമായ പ്രമുഖ ഇന്ത്യൻ കലാകാരനാണ് സി. ഡഗ്ലസ്. പ്രാദേശിക മുൻഗണനകൾക്കപ്പുറം സാർവദേശീയമായ വിശ്വമാനവിക കാഴ്ചപ്പാടും ശൈലിയും അദ്ദേഹം സ്വീകരിച്ചുവെന്ന് ജൂറി വിലയിരുത്തി. മുതിർന്ന കലാകാരനായ പി. ഗോപിനാഥ് ചെയർപേഴ്സണും ആർ. ശാന്താമണി, ഡോ. സി.എസ്. ജയറാം, ടി.വി. സന്തോഷ്, മെമ്പർ സെക്രട്ടറി രാജി ആർ. പിള്ള (അക്കാദമി സെക്രട്ടറി ഇൻചാർജ് ആയിരുന്നു) എന്നിവർ അംഗങ്ങളുമായ ജൂറിയാണ് ഡഗ്ലസിനെ 2023ലെ രാജാ രവിവർമ്മ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. സമകാലീന ഇന്ത്യൻ ചിത്രകലയിൽ സുദീർഘവും പരീക്ഷണാത്മകവുമായ കലാപ്രവർത്തനങ്ങളാണ് ഡഗ്ലസിന്റേതെന്ന് ജൂറി ചൂണ്ടിക്കാട്ടി.

മുതിർന്ന കലാകാരിയായ പുഷ്പമാല എൻ. ചെയർപേഴ്സണായും ആർ. നന്ദകുമാർ, സുരേന്ദ്രൻ നായർ, മെമ്പർ സെക്രട്ടറി രാജി ആർ. പിള്ള (അക്കാദമി സെക്രട്ടറി ഇൻചാർജ്) എന്നിവർ അംഗങ്ങളുമായ ജൂറിയാണ് 2024ലെ രാജാ രവിവർമ്മ പുരസ്കാരത്തിനായി എൻ.എൻ. റിംസനെ തെരഞ്ഞെടുത്തത്. 1980കൾ മുതൽ നീളുന്ന കരിയറിൽ, ഇന്ത്യയിലും വിദേശത്തുമായി പ്രധാന പ്രദർശനങ്ങളിൽ വൈവിധ്യപൂർണവുമായ നിരവധി സൃഷ്ടികൾ പ്രദർശിപ്പിച്ച അദ്ദേഹം ശിൽപകലയിലും സമകാലീന കലയിലും ശ്രദ്ധേയമായ സംഭാവനകൾ നൽകി. വിവിധ തലമുറകളിലെ കലാകാരന്മാരെ ഏറെ സ്വാധീനിച്ചിട്ടുള്ള കലാകാരൻ കൂടിയാണ് എൻ.എൻ. റിംസനെന്ന് ജൂറി അഭിപ്രായപ്പെട്ടു.

കേരള ലളിതകലാ അക്കാദമി ചെയർമാൻ പ്രൊഫ. എസ്. പ്രകാശ് മൂർത്തി, സെക്രട്ടറി വൈക്കം എം.കെ. ഷിബു എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# സാന്ത്വന പരിചരണം എല്ലാ രോഗികളിലേക്കും എത്തണം: മന്ത്രി കെ മുരളീധരൻ

**തിരുവനന്തപുരം:** രോഗാവസ്ഥയുടെ അവസാനഘട്ടത്തിൽ മാത്രമല്ല, ദീർഘകാല രോഗങ്ങൾ കണ്ടെത്തുന്ന ഘട്ടം മുതൽ പാലിയേറ്റീവ് പരിചരണം നൽകാൻ സാധിക്കുന്ന സംവിധാനം വികസിപ്പിച്ചെടുക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. സത്യൻ സ്മാരക ഹാളിൽ ലോക പാലിയേറ്റീവ് ദിനാചരണ സംസ്ഥാനതല ഉദ്ഘാടനത്തിന്റെ ഭാഗമായ രോഗീ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആരോഗ്യപ്രവർത്തകർ വീടുകളിലെത്തി രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പരിശോധനകൾ നടത്തുന്ന ഹൃദയാരോഗ്യ പദ്ധതി ഇടുക്കി, നിലമ്പൂർ, വട്ടിയൂർക്കാവ് നിയോജക മണ്ഡലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുകയാണ്. പദ്ധതി വിജയകരമായാൽ 140 നിയോജക മണ്ഡലങ്ങളിലേക്കും വ്യാപിപ്പിക്കും. പാലിയേറ്റീവ് പരിചരണത്തെ പദ്ധതിയുമായി ബന്ധിപ്പിക്കും. പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള സംസ്ഥാനത്തെ മുഴുവൻ രോഗികളെയും കണ്ടെത്തുകയാണ് ലക്ഷ്യമെന്ന് മന്ത്രി കെ മുരളീധരൻ പറഞ്ഞു.

പാലിയേറ്റീവ് പരിചരണത്തിൽ രാജ്യത്തിന് തന്നെ മാതൃകയായ സംസ്ഥാനമാണ് കേരളം എന്നത് ഏറെ അഭിമാനകരമാണ്. ജനകീയ ആരോഗ്യ പ്രവർത്തനമായി പാലിയേറ്റീവ് പരിചരണത്തെ വികസിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിന്റെ നേട്ടം. ശാരീരിക വിഷമതകൾ കുറയ്ക്കുന്നതോടൊപ്പം രോഗിക്ക് മാനസിക, സാമൂഹിക പിന്തുണ കൂടി നൽകുന്നുവെന്ന് ഉറപ്പ് വരുത്താൻ നമുക്ക് കഴിയുന്നു. പാലിയേറ്റീവ് പരിചരണം കാരുണ്യപ്രവർത്തനം മാത്രമല്ല, അവകാശാധിഷ്ഠിതവും ജനകീയവുമായ പ്രവർത്തനമാണ്. പ്രാഥമിക ആരോഗ്യസംവിധാനത്തെയും പാലിയേറ്റീവ് പരിചരണത്തെയും കൂടുതൽ ശക്തമായി ബന്ധിപ്പിക്കാൻ നമുക്ക് സാധിക്കണം. ചെറുപ്പക്കാർ കൂടുതലായി പാലിയേറ്റീവ് രംഗത്തേക്ക് കടന്നു വരുന്നുവെന്നത് സന്തോഷകരമാണ്. എസ്എസ്എൽസി പാസായവർക്ക് ആരോഗ്യസർവകലാശാലയിൽ പാലിയേറ്റീവ് പരിചരണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.വാർഡ് കൗൺസലർ ഷേർളി എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ രോഗികളും പാലിയേറ്റീവ് പ്രവർത്തകരും പങ്കെടുത്തു. ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. റീത്ത സന്നിഹിതയായിരുന്നു.






# സ്വഭാവരൂപീകരണവും അച്ചടക്കവുമാണ് രാഷ്ട്രനിർമാണത്തിന്റെ അടിത്തറ: ഗവർണർ ആർലേക്കർ

**പുനെ:** ബിരുദവും ജോലിയും കരിയറിലെ വിജയവും മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും അച്ചടക്കവും സമർപ്പണബോധവും സ്വഭാവശുദ്ധിയുമുള്ള ഉത്തരവാദിത്തമുള്ള പൗരന്മാരെ വാർത്തെടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ധർമമെന്നും തമിഴ്നാട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. വികസിത് ഭാരത് 2047 എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി യുവാക്കൾ തങ്ങളുടെ അറിവും കഴിവും രാജ്യത്തിന്റെ പുരോഗതിക്കായി വിനിയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു. പുണെയിലെ എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റിയുടെ എട്ടാമത് ബിരുദദാനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 17 പിഎച്ച്ഡി ഗവേഷകർ ഉൾപ്പെടെ 7,806 വിദ്യാർഥികൾ ചടങ്ങിൽ യോഗ്യതകൾ നേടി. അക്കാദമിക മികവിന് 345 വിദ്യാർഥികൾക്ക് മെഡലുകൾ സമ്മാനിച്ചു. ഇതിൽ 135 സ്വർണമെഡലുകളും 105 വെള്ളിമെഡലുകളും 105 വെങ്കലമെഡലുകളും ഉൾപ്പെടുന്നു. ധനശ്രീ രാജേന്ദ്ര മ്ഹാസെ ഫൗണ്ടർ പ്രസിഡന്റ്സ് മെഡലിന് അർഹയായി.

ചടങ്ങിൽ പങ്കെടുത്ത മുൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഉദയ് ലളിത്, ഹരിയാന മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. അശോക് ഖേംക, ബഫലോ സർവകലാശാല പ്രസിഡന്റ് പ്രൊഫ. ഡോ. സതീഷ് കെ. ത്രിപാഠി എന്നിവർ സത്യസന്ധത, ധാർമികത, നൂതനചിന്ത എന്നിവയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടി. എംഐടി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് മാനേജിങ് ട്രസ്റ്റി ഡോ. രാഹുൽ വി. കരാഡ്, എംഐടിഡബ്ല്യുപിയു വൈസ് ചാൻസലർ പ്രൊഫ. ഡോ. രവിരാജ എൻ. സീതാറാം തുടങ്ങിയവരും പങ്കെടുത്തു.



# ആലുവ മാർത്താണ്ഡവർമ, ദേശം പറമ്പയം പാലങ്ങളിൽ അറ്റകുറ്റപ്പണി: 10 ദിവസം അടച്ചിടും; ഗതാഗത നിയന്ത്രണം

**ആലുവ:** ദേശീയപാതയിൽ മാർത്താണ്ഡവർമ പാലവും ദേശം പറമ്പയം പാലവും 10 ദിവസത്തെ അറ്റകുറ്റപ്പണിക്കായി ് അടയ്ക്കുന്നതിനെത്തുടർന്ന് ഏർപ്പെടുത്തുന്ന ഗതാഗത നിയന്ത്രണത്തിന് പൊലീസ് ഒരുക്കങ്ങൾ ആരംഭിച്ചു. കളമശേരി എആർ ക്യാംപിൽ നിന്ന് 60 പൊലീസുകാരും ആലുവ ട്രാഫിക് സ്റ്റേഷനിലെ പൊലീസുകാരും കരാറുകാർ നിയോഗിക്കുന്ന സെക്യൂരിറ്റി ജീവനക്കാരും പുളിഞ്ചോട് കവല മുതൽ പറമ്പയം കവല വരെ ഡ്യൂട്ടിക്ക് ഉണ്ടാകും. കളമശേരിയിലും അങ്കമാലിയിലും മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിക്കും.

ഗതാഗതത്തിരക്ക് നിരീക്ഷിച്ച ശേഷം ആവശ്യമെങ്കിൽ നേരത്തേ നിശ്ചയിച്ച ഗതാഗത ക്രമീകരണങ്ങളിൽ മാറ്റം വരുത്തിയേക്കാം. ആലുവ ടൗണിൽ ഏതു സമയത്തും വൺവേ ട്രാഫിക് ഏർപ്പെടുത്തിയേക്കാമെന്നും പൊലീസ് മുന്നറിയിപ്പു നൽകുന്നു.

മെട്രോ സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന ബൈപാസ് കവലയിൽ ദേശീയപാത അധികൃതരുടെ നേതൃത്വത്തിൽ റോഡിലെ മീഡിയനുകൾ പല ഭാഗത്തും പൊളിച്ചുനീക്കി. സർവീസ് റോഡിലെ കുറ്റിച്ചെടികളും മാലിന്യവും നീക്കി. മാർത്താണ്ഡവർമ പുതിയ പാലത്തിലൂടെ വാഹനങ്ങൾ ഒരേസമയം ഇരുവശത്തേക്കും തിരിച്ചുവിടുമ്പോൾ അവയെല്ലാം സന്ധിക്കുന്നതു ബൈപാസ് കവലയിലാണ്. പാലം അറ്റകുറ്റപ്പണി നടക്കുന്ന ദിവസങ്ങളിൽ ദേശീയപാതയിലും നഗരത്തിലെ പ്രധാന റോഡുകളിലും അനധികൃത പാർക്കിങ് കർശനമായി തടയുമെന്നു പൊലീസ് പറഞ്ഞു. ഇന്നു പുലർച്ചെ മുതലാണ് മാർത്താണ്ഡവർമ പഴയ പാലം പൂർണമായി അടച്ചു പുതിയ പാലത്തിലൂടെ വാഹനങ്ങൾ തിരിച്ചുവിടുന്നത്.

മാർത്താണ്ഡവർമ പാലം ജനങ്ങൾക്കു സുപരിചിതമാണെങ്കിലും അറ്റകുറ്റപ്പണി നടക്കുന്ന ദേശം പാലം ഏതാണെന്ന കാര്യത്തിൽ പലർക്കും സംശയം നീങ്ങിയിട്ടില്ല. ദേശീയപാതയിലെ മംഗലപ്പുഴ പാലമാണെന്നാണ് പലരും തെറ്റിദ്ധരിച്ചിരിക്കുന്നത്. പറമ്പയം കവലയ്ക്കും ദേശം കവലയ്ക്കും ഇടയ്ക്കുള്ള 'ദേശം മേജർ ബ്രിജി'ലാണ് അറ്റകുറ്റപ്പണി നടക്കുന്നത്. പറമ്പയം പാലം എന്നാണ് ഇതു നാട്ടിൽ അറിയപ്പെടുന്നത്.

# സിഎംഎഫ്ആർഐയിൽ സുസ്ഥിര മത്സ്യകൃഷി ബോധവൽക്കരണം

**കൊച്ചി:** പിഎം കിസാൻ ഉൽസവ് ദിനത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐ 30ന് (വെള്ളി) കർഷക ബോധവൽകരണം സംഘടിപ്പിക്കും. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കുന്ന പരിപാടിയിൽ കൂടുമത്സ്യകൃഷി ഉൾപ്പെടെയുള്ള സുസ്ഥിര സമുദ്ര മത്സ്യകൃഷി രീതികൾ, കർഷകർക്ക് പ്രയോജനകരമായ വിവിധ കേന്ദ്ര സർക്കാർ പദ്ധതികൾ എന്നിവ പരിചയപ്പെടുത്തും. കൂടാതെ, പട്ടാളപ്പുഴു ഉപയോഗിച്ചുള്ള മത്സ്യത്തീറ്റ നിർമാണ യൂണിറ്റിന്റെ പ്രവർത്തന രീതികളും പരിചയപ്പെടുത്തും. പി.എംകിസാൻ സമ്മാൻ നിധിയുടെ 24ാം ഗഡു വിതരണത്തിന്റെ തത്സമയ സംപ്രേഷണം വീക്ഷിക്കാനുള്ള അവസരവുമുണ്ടാകും.

കർഷകർക്കും വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പരിപാടിയിൽ പങ്കെടുക്കാം. ഫോൺ 9846217765, 994503570.

# ചിന്മയ വിശ്വവിദ്യാപീഠത്തിന്റെ ആറാമത് ബിരുദസമർപ്പണച്ചടങ്ങ് ഇന്ന്

**കൊച്ചി:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ ആറാമത് ബിരുദസമർപ്പണച്ചടങ്ങ് ഇന്ന് (ഒക്ടോബർ 28) എറണാകുളം ലേ മെറിഡിയൻ ഹോട്ടലിൽ നടക്കും. രാവിലെ 9.30ന് ആരംഭിക്കുന്ന ചടങ്ങിൽ സർവകലാശാലയുടെ ചാൻസിലറും ചിന്മയ മിഷൻ ആഗോള അധ്യക്ഷനുമായ സ്വാമി സ്വരൂപാനന്ദ സരസ്വതി അനുഗ്രഹപ്രഭാഷണം നടത്തും. പ്രമുഖ ഭരതനാട്യം നർത്തകിയായ പത്മവിഭൂഷൺ ഡോ. പത്മ സുബ്രഹ്മണ്യം ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രമുഖനും, ഡെക്കാൻ കോളേജ് പോസ്റ്റ് ഗ്രാജുവേറ്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചാൻസിലറുമായ ഡോ. ഭൂഷൺ പട്വർധൻ വിശിഷ്ടാതിഥിയായിരിക്കും. ചടങ്ങിൽ ചാൻസിലറുടെ സ്വർണമെഡലും പഠനമികവ് പുലർത്തിയ വിദ്യാർഥികൾക്കുള്ള മെഡലുകളും സമ്മാനിക്കും. ചിന്മയ അന്തർദേശീയ കേന്ദ്രം പ്രസിഡന്റ് സ്വാമി അദ്വയാനന്ദ, ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. മനോജ് കുമാർ അറോറ തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

# കാരോട്–കന്യാകുമാരി നാലുവരിപ്പാത; ഈ വർഷാവസാനം ഗതാഗതയോഗ്യമാകും

**നാഗർകോവിൽ:** കാരോട് മുതൽ കന്യാകുമാരി വരെയുള്ള നാലുവരിപ്പാത ഈ വർഷാവസാനം ഗതാഗതത്തിനു തുറന്നു കൊടുക്കാനുള്ള സാധ്യതയേറി. കാരോട് നിന്ന് കന്യാകുമാരി വരെ 54 കിലോമീറ്റർ ദൂരത്താണ് നാലുവരിപ്പാതയുടെ നിർമാണം നടക്കുന്നത്. വില്ലുക്കുറിക്കു സമീപം തോട്ടിയോടുള്ള 600 മീറ്റർ നീളം വരുന്ന മേൽപാലം, നാഗർകോവിൽ വടശേരിക്കു സമീപം പുത്തേരി കുളത്തിനു മുകളിലെ 500 മീറ്റർ നീളം വരുന്ന മേൽപാലം എന്നിവയാണ് ഇനി പ്രധാനമായും പൂർത്തിയാക്കാനുള്ളത്.

തോട്ടിയോട് പാലത്തിൽ തിരുവനന്തപുരം ഭാഗത്തു നിന്നുവരുന്ന ഭാഗം പൂർത്തിയായതായും നാഗർകോവിലിൽ നിന്നു വരുന്ന ഭാഗമാണ് ഇനി പൂർത്തിയാക്കാനുള്ളതെന്നും അധികൃതർ അറിയിച്ചു. പുത്തേരി കുളത്തിനു മുകളിലുള്ള പാലത്തിന്റെ പണികൾ 70 ശതമാനം പൂർത്തിയായി.

കഴിഞ്ഞ ദിവസങ്ങളിലെ തുടർമഴ പണിയുടെ വേഗത്തിനു തടസ്സമാകുന്നുണ്ട്. നിലവിൽ 89 ശതമാനത്തോളം ജോലികൾ പൂർത്തിയായെന്നും പലയിടത്തും പുതിയ റോഡിലൂടെ വാഹനഗതാഗതം നടക്കുന്നതായും എൻഎച്ച്എഐ അധികൃതർ അറിയിച്ചു. നവംബർ അവസാനത്തോടെ തോട്ടിയോട് മുതൽ കന്യാകുമാരി വരെയുള്ള റോഡ് വാഹന ഗതാഗതത്തിനു തുറന്നു കൊടുക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും അധികൃതർ അറിയിച്ചു.

# സംസ്ഥാനത്തെ അണക്കെട്ടുകളിൽ ഇപ്പോൾ 64 ശതമാനം വെള്ളം

**തൊടുപുഴ:** മഴയെത്തുകയും സംസ്ഥാനത്തെ വൈദ്യുതി ഉൽപാദനം കുറയ്ക്കുകയും ചെയ്തതോടെ കെഎസ്ഇബി അണക്കെട്ടുകളിലെ ജലനിരപ്പ് ഉയർന്നുതുടങ്ങി. സംസ്ഥാനത്തെ അണക്കെട്ടുകളിൽ ഇപ്പോൾ 64 ശതമാനം വെള്ളമാണുള്ളത്. കഴിഞ്ഞ വർഷം ഇതേദിവസം ഇത് 83 ശതമാനമായിരുന്നു. ഒരാഴ്ച കൊണ്ട് അണക്കെട്ടുകളിൽ 3 ശതമാനം വെള്ളം ഉയർന്നു. ഈ മാസം 1 സംസ്ഥാനത്തെ വൈദ്യുതി ഉൽപാദനം കുറഞ്ഞതും കെഎസ്ഇബിക്ക് ആശ്വാസമായി. ഈ മാസം വൈദ്യുതി ഉപയോഗം 101.55 ദശലക്ഷം യൂണിറ്റ് വരെ ഉയർന്നിരുന്നു. കെഎസ്ഇബിയുടെ ചരിത്രത്തിൽ ആദ്യമാണ് ഒക്ടോബർ മാസത്തിൽ വൈദ്യുതി ഉപയോഗം ഇത്രയും ഉയരുന്നത്. തിങ്കളാഴ്ച വൈദ്യുതി ഉപയോഗം 84.08 ദശലക്ഷം യൂണിറ്റായി കുറഞ്ഞു. ഈ മാസത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപയോഗം 93.43 ദശലക്ഷം യൂണിറ്റായിരുന്നു. കഴിഞ്ഞവർഷം ഇതേകാലയളവിൽ ഇത് 84.7 ദശലക്ഷം യൂണിറ്റായിരുന്നു.



# സമൃദ്ധിക്കായി സത്യനിഷ്ഠ; പിഎൻബി വിജിലൻസ് ബോധവൽക്കരണ വാരം ആചരിക്കുന്നു

**ന്യൂദൽഹി:** പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) ഒക്ടോബർ 26 മുതൽ നവംബർ 1 വരെ വിജിലൻസ് ബോധവൽക്കരണ വാരം ആചരിക്കുന്നു. 'സമൃദ്ധിക്കായി സത്യനിഷ്ഠ' എന്നതാണ് ഈ വർഷത്തെ പ്രമേയം. സുതാര്യതയും ഉത്തരവാദിത്തബോധവും ശക്തിപ്പെടുത്തി അഴിമതിരഹിത പ്രവർത്തനസംസ്കാരം വളർത്തുകയാണ് ലക്ഷ്യം. ന്യൂദൽഹിയിലെ ബാങ്കിന്റെ കോർപറേറ്റ് ഓഫീസിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ എം. പരമശിവം, ഡി. സുരേന്ദ്രൻ, ചീഫ് വിജിലൻസ് ഓഫീസർ രാഘവേന്ദ്ര കുമാർ തുടങ്ങിയവർ പങ്കെടുത്തു. രാജ്യത്തെ വിവിധ ശാഖകളിലെ ജീവനക്കാർ സത്യനിഷ്ഠാ പ്രതിജ്ഞയെടുത്തു. സൈബർ തട്ടിപ്പ് ബോധവൽക്കരണ ക്യാമ്പയിനുകൾ, നടത്തം, സൈക്ലത്തോൺ, പരിശീലന പരിപാടികൾ, ഡിജിറ്റൽ പ്രചാരണങ്ങൾ എന്നിവയും വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കും. സുരക്ഷിത ബാങ്കിങ്ങും ധാർമികമായ പ്രവർത്തന രീതിയും പ്രോത്സാഹിപ്പിക്കുകയാണ് പരിപാടികളുടെ ലക്ഷ്യം.




# കേരളത്തിന്റെ സംരംഭകത്വ മേഖല എല്ലാവരെയും ഉൾക്കൊള്ളുന്നതും നൂതനാശയങ്ങൾക്ക് പ്രാധാന്യം നൽകുന്നതും: അരുൺ കുമാർ

**കൊച്ചി:** കേരളത്തിന്റെ സംരംഭകത്വ ആവാസവ്യവസ്ഥ എല്ലാവരെയും ഉൾക്കൊള്ളുന്നതും നൂതനാശയങ്ങൾക്ക് പ്രാധാന്യം നൽകുന്നതുമാണെന്ന് സെലസ്റ്റ ക്യാപിറ്റൽ ചെയർമാനും കെ പി എം ജിയുടെ മുൻ ചെയർമാനുമായ അരുൺ കുമാർ പറഞ്ഞു. ഗ്രാൻഡ് ഹയാത്തിൽ ടൈ കേരള സംഘടിപ്പിച്ച ടൈ കേരള ലീഡർഷിപ്പ് ഫോറത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബറാക് ഒബാമയുടെ മന്ത്രിസഭയിൽ അസിസ്റ്റന്റ് സെക്രട്ടറിയായി പ്രവർത്തിച്ച കാലത്തെ അനുഭവങ്ങൾ അരുൺ കുമാർ പങ്കുവെച്ചു. ആഗോളതലത്തിൽ നിലനിൽക്കുന്ന അനിശ്ചിതത്വങ്ങൾക്കിടയിൽ ഇന്ത്യ സ്വീകരിക്കേണ്ട ഭൗമരാഷ്ട്രീയ തന്ത്രങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ടാറ്റ ഗ്രൂപ്പിൽ പ്രവർത്തിച്ചിരുന്ന കാലത്ത് രത്തൻ ടാറ്റയുമായി പുലർത്തിയ അടുത്ത ബന്ധത്തെക്കുറിച്ചുള്ള അനുഭവങ്ങളും അദ്ദേഹം പങ്കുവെച്ചു.

ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് ചർച്ച നിയന്ത്രിച്ചു. ടൈ കേരള മുൻ പ്രസിഡന്റ് ശിവദാസ് ബി മേനോൻ, കേരള ഏയ്ഞ്ചൽ നെറ്റ്‌വർക്ക് പ്രസിഡന്റ് രവീന്ദ്രനാഥ് കാമത്ത്, അഗ്രിക്കോൺ ചെയർമാൻ റോഷൻ കൈനാടി എന്നിവരും സംസാരിച്ചു.

# ദുബായിയിൽ പുതിയ ഷോറൂമുകൾ തുറന്ന് മലബാർ ഗോൾഡ്

**കൊച്ചി:** മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ദുബായ് കേന്ദ്രീകരിച്ച് മൂന്നു പുതിയ ഷോറൂമുകൾ തുറന്നു. അൽ ഖുസൈസ്, ഡിസ്കവറി ഗാർഡൻസ്, കരാമ എന്നിവിടങ്ങളിലാണു ഷോറൂമുകൾ തുറന്നത്. അൽ ഖുസൈസിൽ നടന്ന ചടങ്ങിൽ സിനിമാതാരം സൂര്യ ഷോറൂമുകളുടെ ഉദ്ഘാടനം നിർവഹിച്ചു.

മലബാർ ഗ്രൂപ്പ് വൈസ് ചെയർമാൻ കെ.പി. അബ്ദുൾ സലാം, ഇന്റർനാഷണൽ ഓപറേഷൻസ് എംഡി ഷംലാൽ അഹമ്മദ്, സീനിയർ ഡയറക്ടർ സി. മായൻകുട്ടി, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഫിനാൻസ് അഡ്മിൻ വിഭാഗം ഡയറക്ടർ അമീർ സിഎംസി, ഹെഡ് മർച്ചൻറൈസിംഗ് ആൻഡ് എസ്‌സിഎം (ഗോൾഡ്) ഹെഡ് പി. സക്കീർ, യുഎഇ റീജണൽ ഹെഡ് കെ.വി. രഞ്ജിത്ത്, മുതിർന്ന മാനേജ്മെൻറ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

സ്വർണം, വജ്രം, രത്നം, പ്ലാറ്റിനം തുടങ്ങി ആധുനിക ഡിസൈനിലുള്ള ആഭരണങ്ങളുടെ അതിവിപുല കളക്ഷനാണു ഷോറൂമുകളിലുള്ളത്. ഉദ്ഘാടനത്തിന്റെ ഭാഗമായി ആകർഷകമായ ഓഫറുകളും പ്രഖ്യാപിച്ചിട്ടുണ്ട്. വജ്ര, രത്നാഭരണങ്ങളുടെ പർച്ചേസിനു സൗജന്യ ക്യാഷ് വൗച്ചറുകളും തെരഞ്ഞെടുത്ത ആഭരണങ്ങൾക്കുള്ള ഡിസ്കൗണ്ടുകൾക്കു പുറമേ ഉത്സവ ആനുകൂല്യങ്ങളും ലഭിക്കും. നവംബർ എട്ട് വരെ യുഎഇയിലെ മുഴുവൻ ഷോറൂമുകളിലും ഓഫർ ലഭ്യമാകും.

# മൈത്രിക്ക് ഏജൻസി ഓഫ് ദി ഇയർ അംഗീകാരം

**കൊച്ചി:** അഡ്വർടൈസിംഗ് ക്ലബ് ട്രിവാൻഡ്രം ഏർപ്പെടുത്തിയ ആദ്യ ലവ് ഓഫ് അഡ്വർടൈസിംഗ് അവാർഡുകളിൽ 18 പുരസ്കാരങ്ങൾ സ്വന്തമാക്കി മൈത്രി അഡ്വർടൈസിംഗ് വർക്സ് ഏജൻസി ഓഫ് ദി ഇയർ അംഗീകാരത്തിന് അർഹരായി.

ബ്രാൻഡ് ഐഡൻറിറ്റി, ആർട്ട് ഡയറക്ഷൻ, ഫിലിം ക്രാഫ്റ്റ്, ഡിജിറ്റൽ, ബ്രാൻഡഡ് കണ്ടൻറ്, സോഷ്യൽ മീഡിയ, ബ്രാൻഡ് ആക്ടിവേഷൻ, ഇൻറഗ്രേറ്റഡ് കാമ്പയിനുകൾ തുടങ്ങിയ മേഖലകളിലായാണു മൈത്രി നേട്ടം കൈവരിച്ചതെന്ന് മൈത്രി അഡ്വർടൈസിംഗ് വർക്സ് ഐഡിയേഷൻ ഡയറക്ടർ ആർ. വേണുഗോപാൽ പറഞ്ഞു.

മൈത്രി സിഇഒ എൻ. ജയകുമാർ, അസോസിയേറ്റ് ക്രിയേറ്റീവ് ഡയറക്ടർ മിറിയം പോൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# എയർ ഇന്ത്യ എക്സ്പ്രസ് കൊച്ചി ബാങ്കോക്ക് സർവീസ് തുടങ്ങി

**കൊച്ചി:** കൊച്ചിയിൽനിന്നു ബാങ്കോക്കിലേക്ക് എയർ ഇന്ത്യ എക്സ്പ്രസ് നേരിട്ടുള്ള വിമാനസർവീസ് തുടങ്ങി. ചൊവ്വ, വ്യാഴം, ശനി, ഞായർ ദിവസങ്ങളിൽ രാത്രി 10.15ന് കൊച്ചിയിൽനിന്നു പുറപ്പെടുന്ന വിമാനം പുലർച്ചെ 3.55ന് ബാങ്കോക്കിൽ എത്തും.

ബാങ്കോക്കിൽനിന്നു തിങ്കൾ, ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിൽ പുലർച്ചെ 4.55ന് പുറപ്പെട്ടു രാവിലെ 7.40ന് കൊച്ചിയിൽ എത്തുന്ന തരത്തിലാണു തിരികെയുള്ള സർവീസുകൾ. എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റ്, മൊബൈൽ ആപ്, മറ്റ് ബുക്കിംഗ് ചാനലുകൾ വഴിയും ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

കൊച്ചിയിൽനിന്ന് ആഴ്ചതോറും 250 വിമാനസർവീസുകൾ എയർ ഇന്ത്യ എക്സ്പ്രസിനുണ്ട്.




# എഐ സൂപ്പർ ഹൈവേ നിർമിക്കാൻ ടാറ്റ കമ്യൂണിക്കേഷൻസ്

**മുംബൈ:** ഇന്ത്യയിലെ പ്രധാന ഡാറ്റാ സെന്ററുകളെയും ആർട്ടിഫിഷ്യൽ ഇൻറലിജൻസ് കേന്ദ്രങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഒരു 'എഐ സൂപ്പർ ഹൈവേ' നിർമിക്കുന്നതിനായി വരും മൂന്ന് മുതൽ അഞ്ച് വർഷത്തിനുള്ളിൽ 450 മില്യൺ ഡോളർ വരെ നിക്ഷേപിക്കാൻ ടാറ്റാ കമ്യൂണിക്കേഷൻസ് ലക്ഷ്യമിടുന്നതായി നെറ്റ്‌വർക്ക് സർവീസസ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറും ഗ്ലോബൽ ബിസിനസ് മേധാവിയുമായ രൂപേഷ് ചോക്സി പറഞ്ഞു.

മൂന്ന് ഘട്ടങ്ങളായാണ് എഐ സൂപ്പർ ഹൈവേ നടപ്പിലാക്കാൻ ടാറ്റ കമ്യൂണിക്കേഷൻസ് ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ എഐ, ഹൈപ്പർസ്കെയിൽ വളർച്ചയുടെ ഏറ്റവും പ്രധാനപ്പെട്ട പാതയെന്ന് വിലയിരുത്തുന്ന മുംബൈ,പൂന, ഹൈദരാബാദ്,ചെന്നൈ റൂട്ടാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുന്നത്.

രണ്ടാം ഘട്ടത്തിൽ ഡാറ്റ സെൻറർ നിക്ഷേപങ്ങളും അടിസ്ഥാന സൗകര്യവികസനവും വേഗത്തിൽ നടന്നുവരുന്ന ചെന്നൈ, ഹൈദരാബാദ്, വിശാഖപട്ടണം എന്നിവയ്ക്കിടയിലേക്ക് ഈ നെറ്റ് വർക്ക് വ്യാപിപ്പിക്കും. മൂന്നാം ഘട്ടം ഗിഫ്റ്റ് സിറ്റി, ജാംനഗർ എന്നിവയുൾപ്പടെ ഗുജറാത്തിലേക്കും ഭുവനേശ്വറിലേക്കും ഈ നെറ്റ്‌വർക്ക് വിപുലീകരിക്കും.

ഡാറ്റാ കൈമാറ്റശേഷി കൂടുതൽ ആവശ്യമായി വരുന്ന എഐ പ്രവർത്തനങ്ങളെയും ഡാറ്റാ സെൻറർ കണക്ടിവിറ്റി ആവശ്യങ്ങളെയും പിന്തുണയ്ക്കുന്നതിനായി 7.2 പെറ്റാബൈറ്റ് ശേഷി നൽകുന്ന തരത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്.




**കേരളത്തിലെ പ്രമുഖ ബിൽഡറായ വർമ്മ ഹോംസിന്റെ ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്ട് തൃശൂർ ചേലക്കോട്ടുകരയിലുള്ള വർമ്മ ഹേവന്റെ ബ്രോഷർ പ്രകാശനം തൃശൂർ കോർപറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ നിർവഹിക്കുന്നു. കൗൺസിലർമാരായ ഷോമി ഫ്രാൻസിസ്, ടി ആർ സന്തോഷ്, വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, ഡയറക്ടർ ഡോ. മിനി വർമ്മ, വൈസ് പ്രസിഡന്റുമാരായ ആരതി വർമ്മ വൈശാഖ് വർമ്മ, സ്ഥല ഉടമകളായ ബീന പോളി, അരുൺ തോട്ടാൻ, ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് തുടങ്ങിയവർ സമീപം.**

# ആകർഷകമായ ദീപാവലി ഓഫറുകളുമായി മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ്

**കൊച്ചി:** ആഗോളതലത്തിൽ നാലാമത്തെ വലിയ ജ്വല്ലറി റീട്ടെയ്‌ലറും റെസ്‌പോൺസബിൾ ജ്വല്ലറുമായ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽ ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി ആകർഷകമായ ഓഫറുകൾ പ്രഖ്യാപിച്ചു. സ്വർണം, അൺകട്ട്, ജെംസ്റ്റോൺ ആഭരണങ്ങളുടെ പണിക്കൂലിയിൽ 30 ശതമാനം വരെ കിഴിവും വജ്രാഭരണങ്ങളുടെ മൂല്യത്തിൽ 30 ശതമാനം വരെ ഇളവും ഉപഭോക്താക്കൾക്ക് ലഭിക്കും. കൂടാതെ, ഉപഭോക്താക്കൾക്ക് ആഭരണ മൂല്യത്തിന്റെ 10 ശതമാനം മുൻകൂട്ടി അടച്ച് സ്വർണം ബുക്ക് ചെയ്യുന്നതിനുള്ള പ്രീ ബുക്കിംഗ് സൗകര്യവുമുണ്ട്. സ്വർണവില ഉയരുകയാണെങ്കിൽ ബുക്കിംഗ് സമയത്തെ നിരക്കിലും, കുറയുകയാണെങ്കിൽ കുറഞ്ഞ നിരക്കിലും സ്വർണാഭരണങ്ങൾ സ്വന്തമാക്കാൻ ഇത് സഹായിക്കും.

MALABAR GOLD & DIAMONDS
CELEBRATE THE BEAUTY OF LIFE

വിവാഹങ്ങൾക്കും ഉത്സവങ്ങൾക്കും മറ്റ് ആഘോഷങ്ങൾക്കുമായി മലബാർ ഗോൾഡ് & ഡയമണ്ട്സ് വിപുലമായ ആഭരണ ഡിസൈനുകളാണ് ഒരുക്കിയിട്ടുള്ളത്. ഈ ഓഫറുകൾ നവംബർ 15 വരെ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ എല്ലാ ഷോറൂമുകളിലും ലഭ്യമാണ്. സ്വർണം, ഡയമണ്ട്, അൺകട്ട്, പോൾക്കി, ജെംസ്റ്റോൺ തുടങ്ങി മലബാർ ഗോൾഡിന്റെ വിപുലമായ ആഭരണ ശേഖരങ്ങൾക്കും ആകർഷകമായ അനുകൂല്യങ്ങൾ ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്. ഒത്തുചേരലിന്റെയും പുതിയ തുടക്കത്തിന്റെയും ആഘോഷമായ ദീപാവലിയിൽ ആഭരണങ്ങൾക്ക് സവിശേഷമായ സ്ഥാനമാണുള്ളതെന്നും ദീപാവലി ആഘോഷങ്ങളെ കൂടുതൽ അർത്ഥമുള്ളതാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് ഓഫറുകൾ അവതരിപ്പിക്കുന്നതെന്നും മലബാർ ഗ്രൂപ്പ് ചെയർമാൻ എം പി അഹമ്മദ് പറഞ്ഞു. ഉപഭോക്തൃ സംതൃപ്തി, വിലയിലെ സുതാര്യത, അചഞ്ചലമായ വിശ്വസ്തത എന്നിവയാണ് കമ്പനിയുടെ മുഖമുദ്ര. ഇവ കാത്തുസൂക്ഷിക്കുന്നതിൽ മലബാർ ഗോൾഡ് എക്കാലവും പ്രതിബദ്ധത പുലർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഉത്തരവാദിത്ത ഉറവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ആഭരണങ്ങൾ എച്ച് യു ഐ ഡി ഹാൾമാർക്കിംഗ് ഉൾപ്പെടെയുള്ള ഗുണനിലവാര പരിശോധനകൾക്കു ശേഷമാണ് ഉപഭോക്താക്കളുടെ പക്കലെത്തുന്നത്.




# വെഡ്ഡിങ് ആൻഡ് മൈസ് ഇവന്റ് സമ്മിറ്റ് തുടങ്ങി

**കൊച്ചി:** വെഡ്ഡിങ് ആൻഡ് മൈസ് (മീറ്റിങ്സ്, ഇൻസെന്റീവ്സ്, കോൺഫറൻസസ് ആൻഡ് എക്സിബിഷൻസ്) ഇവന്റ് സമ്മിറ്റ് പാറപ്പുറം വല്ലം കടവിലെ ട്രാവൻകൂർ പാലസിൽ തുടങ്ങി. കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് കമ്പനികളുടെ സംഘടനയായ ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള (ഇമാക്) യാണ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്. അങ്കമാലി നഗരസഭാ ചെയർപേഴ്സൺ റീത്താ പോൾ ഉദ്ഘാടനം ചെയ്തു. ഇമാക് വൈസ് പ്രസിഡന്റ് ധിഷൻ അമ്മാനത്ത് അധ്യക്ഷത വഹിച്ചു. കേരള ട്രാവൽ മാർട്ട് (കെടിഎം) സെക്രട്ടറി എസ് സ്വാമിനാഥൻ മുഖ്യാതിഥിയായി. ഇമാക് സെക്രട്ടറി ബഹനാൻ കെ അരീക്കൽ, ട്രഷറർ അജീഷ് മുകുന്ദൻ, കിഷോർ ജി ദാസ് എന്നിവർ പ്രസംഗിച്ചു.

സംസ്ഥാനത്തെ നൂറ്റി അമ്പതോളം ഇവന്റ് മാനേജ്മെന്റ് കമ്പനികളുടെ ഉടമകളും സീനിയർ ഇവന്റ് മാനേജർമാരുമാണ് സമ്മിറ്റിൽ പങ്കെടുക്കുന്നത്. കേരളത്തെ ആഗോള വെഡ്ഡിങ് ഡെസ്റ്റിനേഷനായും പ്രമുഖ മൈസ് ടൂറിസം കേന്ദ്രമായും ഉയർത്തുന്നതിനൊപ്പം സംസ്ഥാനത്തെ ഇവന്റ് മാനേജ്മെന്റ്, ഹോസ്പിറ്റാലിറ്റി മേഖലകളിൽ പുതിയ വികസനവാണിജ്യ സാധ്യതകൾ തുറക്കുകയെന്ന ലക്ഷ്യത്തോടെയുമാണ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്. രാജ്യത്തെ ഇവന്റ് മാനേജ്മെന്റ് വ്യവസായ രംഗത്തെ പ്രമുഖർ, നിക്ഷേപകർ, നയരൂപകർത്താക്കൾ, സാമ്പത്തിക വിദഗ്ധർ ഉൾപ്പെടുന്ന പാനൽ ചർച്ചകളും പ്രസന്റേഷനുകളും സംവാദങ്ങളും സമ്മിറ്റിലുണ്ടാകും.

ഇവന്റ് വ്യവസായത്തിലെ മാറുന്ന പ്രവണതകൾ, നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം, ആധുനിക ഇവന്റ് ആസൂത്രണ രീതികൾ, പ്രഫഷണൽ മികവ്, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇവന്റ് നടത്തിപ്പ് തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടക്കും. ഇമാക് പ്രസിഡന്റ് രാജു കണ്ണമ്പുഴ, ബഹനാൻ കെ അരീക്കൽ, ഡോ.അജിത് രവി, ജോയൽ ജോൺ, ധിഷൻ അമ്മാനത്ത്, ദിലീപ് വി കൈമൾ, മുകേഷ് എം, അനീഷ് എസ് എന്നിവർ ചർച്ചകൾ നയിക്കും. സമ്മിറ്റ് ഇന്ന് (ബുധൻ) സമാപിക്കും.




# ജോസ് ആലുക്കാസ് പുതിയ വെബ്സൈറ്റ് അവതരിപ്പിച്ചു; ഓൺലൈൻ ആഭരണ ഷോപ്പിങ് കൂടുതൽ സുഗമമാകും

**ചെന്നൈ:** ഗുണമേന്മ, നൂതനത്വം, ട്രെൻഡി ആഭരണങ്ങൾ എന്നിവയ്ക്ക് പേരുകേട്ട ജോസ് ആലുക്കാസ് ഓൺലൈനിലൂടെ ആഭരണങ്ങൾ വാങ്ങുന്നത് കൂടുതൽ സൗകര്യപ്രദമാക്കുന്നതിനായി പുതിയ വെബ്സൈറ്റ് അവതരിപ്പിച്ചു. മൊബൈൽ ഉപയോക്താക്കൾക്ക് മുൻഗണന നൽകുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത വെബ്സൈറ്റിലൂടെ ആഭരണ ശേഖരങ്ങൾ വേഗത്തിലും എളുപ്പത്തിലും പരിചയപ്പെടാനാകും. മെച്ചപ്പെട്ട ദൃശ്യാവിഷ്കാരവും ലളിതമായ നാവിഗേഷനും ഉൽപ്പന്നങ്ങളുടെ വ്യക്തമായ വർഗീകരണവുമാണ് പുതിയ വെബ്സൈറ്റിന്റെ പ്രധാന സവിശേഷതകൾ. പരമ്പരാഗത ഉൽപ്പന്ന പട്ടികകൾക്കപ്പുറം, ആഭരണങ്ങൾ മോഡലുകൾ അണിഞ്ഞുള്ള വീഡിയോകളിലൂടെ പരിചയപ്പെടാൻ 'ഡിസ്കവർ' വിഭാഗം അവസരമൊരുക്കുന്നു. സോഷ്യൽ മീഡിയ മാതൃകയിലുള്ള സ്വൈപ്പ് സംവിധാനത്തിലൂടെ വിവിധ ഡിസൈനുകൾ കാണാനും വീഡിയോകൾ ലൈക്ക് ചെയ്ത് ഇഷ്ടപ്പെട്ടവ പിന്നീട് വീണ്ടും കണ്ടെത്താനും കഴിയും. വീട്ടിലിരുന്ന് ആഭരണങ്ങൾ പരീക്ഷിച്ചുനോക്കാൻ ഓഗ്മെന്റഡ് റിയാലിറ്റി (എആർ) സംവിധാനവും ലഭ്യമാണ്. നിലവിലുള്ള ഉപഭോക്താക്കൾക്കായി പർച്ചേസ് പൂർത്തിയാക്കുന്നതിനുള്ള ചെക്ക്ഔട്ട് നടപടികൾ രണ്ട് ഘട്ടങ്ങളായി ചുരുക്കിയിട്ടുമുണ്ട്.



# സീ ഫുഡ് ഫെസ്റ്റിവലൊരുക്കി കും കും അറേബ്യൻ റസ്റ്റോറന്റ്

**കൊച്ചി:** കാക്കനാട് ഇൻഫോപാർക്ക് എക്സ്പ്രസ് വേയിലെ 'കും കും' അറേബ്യൻ റസ്റ്റോറന്റിൽ നവംബർ അവസാനം വരെ ഇനി സീ ഫുഡ് ഫെസ്റ്റിവൽ. ചിക്കനിലും മട്ടനിലും അറേബ്യൻ ഭക്ഷ്യവിഭവങ്ങൾ ആസ്വദിച്ച രുചി പ്രേമികൾക്ക് ഒരുമാസത്തിലേറെ കാലം മീൻ അറേബ്യൻ വിഭവങ്ങളുടെ രുചി അറിയാനാവും.

കുനാഫ പ്രോൺസ്, തവ സ്ക്വിഡ്, കാന്താരി പ്രോൺസ്, ഡൈനാമിറ്റ് ഫിഷ് ഫിംഗേഴ്സ് എന്നീ സ്റ്റാർട്ടറുകളിൽ ആരംഭിക്കുന്ന രുചിമേള കും കുമിന്റെ അറേബ്യൻ സ്വാദുകളിലേക്ക് വാതിൽ തുറക്കും.

ഗ്രിൽ ആന്റ് സ്പെഷ്യലിൽ കാളാഞ്ചി ഫിഷ് ബിബിക്യുവും കിംഗ്ഫിഷ് തവയും ലഭ്യമാണ്. മെയിൻ കോഴ്സായി കും കുമിന്റെ സിഗ്നേച്ചർ വിഭവമായ മദ്ഹൂത്തിനെ പ്രോൺ രുചിയിലാണ് ഒരുക്കുന്നത്. കിംഗ് ഫിഷ് മന്തി, ഫിഷ് കാബിരി റൈസ് എന്നിവ മറ്റു വിഭവങ്ങളാണ്. നാലുപേർക്ക് കഴിക്കാവുന്ന സീഫുഡിന്റെ പ്ലാറ്ററും കും കും രുചി ആസ്വാദകർക്കായി തയ്യാറാക്കിയിട്ടുണ്ട്.

അറേബ്യൻ വിഭവങ്ങൾ അതിന്റെ തനത് രുചിയിൽ തീന്മേശയിലേക്കെത്തിക്കുന്നു എന്നതാണ് കും കും അറേബ്യൻ റസ്റ്റോറന്റിന്റെ പ്രധാന പ്രത്യേകത.